**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1073 | 12.03.2015 ൽ മറുപടിക്ക് |

**കാസർഗോഡ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. പി. കെ. അബ്ദു റബ്ബ്** (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മറ്റ് ജില്ലകളിൽ ഉള്ളതുപോലെ കാസർഗോഡും ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയ സമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ